**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 504** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂരിന്റെ കിഴക്കൻ മേഖലയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ;

**<u>മറുപടി:</u>** കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂരിന്റെ കിഴക്കൻ മേഖലയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി 'പെർഫെക്റ്റ്-ഒ-ക്രഷർ' മുതൽ ചെന്നപ്പൊയിൽ വരെ നീളുന്ന 11 കെ.വി. ഇന്റർ ലിങ്കിംഗ് പ്രവൃത്തി 'ദ്യുതി 2025-26' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, നിലവിൽ പുരോഗമിച്ച വരുന്നതുമാണ്.

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂരിന്റെ കിഴക്കൻ മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് കല്ലിക്കണ്ടിയിൽ ഒരു 110 kV സബ്സ്റ്റേഷൻ നിർമ്മാണം കെ.എസ്.ഇ.ബി.എല്ലിന്റെ പരിഗണനയിലുണ്ട്.

**(ബി)** പൊയിലൂർ, പാറക്കടവ് മേഖലയിലെ വ്യാവസായിക മുന്നേറ്റത്തിന് വഴിയൊരുക്കാൻ സഹായകമാവുന്ന കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലുള്ള പുരോഗതി വിശദമാക്കുമോ;

**<u>മറുപടി:</u>** പൊയിലൂർ, പാറക്കടവ്, മേഖലയിലെ വ്യാവസായിക മുന്നേറ്റത്തിന് വഴിയൊരുക്കാൻ സഹായകമാവുന്ന കല്ലിക്കണ്ടി 110 kV സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തൃപ്പങ്ങോട്ടൂർ വില്ലേജിൽ സ്ഥലം കണ്ടെത്തുകയും ഉടമയിൽ നിന്ന് താല്പര്യപത്രം ലഭ്യമാക്കുകയും രേഖകളുടെ നിയമപരമായ പരിശോധന പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തേക്കുള്ള വഴിയുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടു തരുന്നതിന് ഉടമകൾ എതിർപ്പ് പ്രകടിപ്പിച്ചതിനാൽ മുൻ MLA-യുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തിയിരുന്നു എങ്കിലും ഉടമകളിൽ നിന്നും താല്പര്യപത്രം ലഭ്യമായിട്ടില്ല.

**(സി)** കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കല്ലിക്കണ്ടി 110 kV സബ്സ്റ്റേഷൻ വേഗത്തിൽ യാഥാർഥ്യമാക്കുന്നതിന് നിർദ്ദിഷ്ട സബ്സ്റ്റേഷൻ സൈറ്റിലേക്കുള്ള വഴിയുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കേണ്ടതുണ്ട്. ആയതിനു

ശേഷം സ്ഥലം ഏറ്റെടുത്തു സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തന നടപടികളുമായി മുന്നോട്ട് പോകാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**